# പതിനാലാം കേരള നിയമസഭ
# (ഒന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:978** **11/07/2016-ൽ മറുപടിയ്ക്ക്**

## മാതൃകാ മത്സ്യഗ്രാമ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.എം. വിൻസെന്റ്: | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് 'മാതൃകാ മത്സ്യഗ്രാമ പദ്ധതി' നടപ്പിലാക്കിയിട്ടുണ്ടോ; | എ) | ഉ ണ്ട് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട മത്സ്യഗ്രാമങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് മുഖേന മാതൃകാ മത്സ്യഗ്രാമം പദ്ധതി നടപ്പിലാക്കി യിരുന്നു. 160 കോടി രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതിയിൽ മുഖ്യ പരിഗണന ഭവന നിർമ്മാണത്തിനായിരുന്നു. |
| ബി) | പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; വിശദാംശം ലഭ്യമാക്കുമോ; | ബി) | മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കുന്ന പദ്ധതികളാണ് നടപ്പിലാക്കിയത്. |

| ക്രമ നം | പദ്ധതി ഘടകം | ടാർജറ്റ് (യൂണിറ്റ്) | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | തെരഞ്ഞെടുക്കപ്പെട്ട 11 മത്സ്യഗ്രാമ ങ്ങളിൽ ഭവനപദ്ധതി - 2.5 ലക്ഷം രൂപ / യൂണിറ്റ് | 2106 | 5265.00 |
| 2 | മറ്റ് മത്സ്യഗ്രാമങ്ങളിൽ ഭവന നിർമ്മാണ ധനസഹായ പദ്ധതി - 2 ലക്ഷം രൂപ / യൂണിറ്റ് | 2867 | 5734.00 |
| 3 | വ്യക്തിഗത ടോയ്ലറ്റ് നിർമ്മാണ ധനസഹായം (തെരഞ്ഞെടുത്ത 57 മത്സ്യഗ്രാമങ്ങളിൽ 20,000/- രൂപ നിരക്കിൽ ധനസഹായം) | 5450 | 1090.00 |
| 4 | തെരഞ്ഞെടുക്കപ്പെട്ട 11 മത്സ്യഗ്രാമ ങ്ങളിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നത്. | | 1410.00 |
| 5 | ഫിഷറീസ് കോളനികളുടെ നവീകരണം (പുതിയ വീടുകൾക്കും ഭവന അറ്റകുറ്റപ്പണികൾക്കും ധനസഹായം അനുവദിക്കുന്നത്) | | 2500.00 |

| | | | |
|---|---|---|---|
| 6 | ഇൻസിഡന്റൽ എക്സ്പെൻസ് | | 1.00 |
| | ആകെ | | 16,000.00 |

സി) പദ്ധതി നിർവ്വഹണത്തിലൂടെ കൈവരിക്കാനായ നേട്ടങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

സി) പദ്ധതി നിർവ്വഹണത്തിലൂടെ കൈവരി ക്കാനായ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി ഘടകം | ടാർജറ്റ് (യൂണിറ്റ്) | എഗ്രിമെന്റ് വെച്ചത് | നിർമ്മാണം പൂർത്തിയാക്കിയത് | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|---|---|
| 1 | തെരഞ്ഞെടുക്കപ്പെട്ട 11 മത്സ്യഗ്രാമങ്ങളിൽ ഭവനപദ്ധതി - 2.5 ലക്ഷം രൂപ / യൂണിറ്റ് | 2106 | 1894 | 1878 | 4718.00 |
| 2 | മറ്റ് മത്സ്യഗ്രാമങ്ങളിൽ ഭവന നിർമ്മാണ ധനസഹായ പദ്ധതി - 2 ലക്ഷം രൂപ / യൂണിറ്റ് | 2867 | 2853 | 2766 | 5629.00 |
| 3 | വ്യക്തിഗത ടോയ്‌ലറ്റ് നിർമ്മാണ ധനസഹായം (തെരഞ്ഞെടുത്ത 57 മത്സ്യഗ്രാമങ്ങളിൽ 20,000/- രൂപ നിരക്കിൽ ധനസഹായം | 5450 | 2496 | 2376 | 486.00 |
| | | പുതിയ ഭവനം | 520 | 441 | 969.00 |
| | | ഭവന അറ്റകുറ്റപ്പണി | 948 | 910 | 465.50 |
| 6 | ഇൻസിഡന്റൽ എക്സ്പെൻസ് | | | | 1.00 |
| | ആകെ | | | | 12268.5 |

തെരഞ്ഞെടുത്ത 11 മത്സ്യഗ്രാമങ്ങളിൽ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങളായ വൈദ്യുതീകരണം, കുടിവെള്ളം, അംഗൻവാടി നിർമ്മാണം , പബ്ലിക് ഹെൽത്ത് സെന്റർ നിർമ്മാണം, റോഡ് നിർമ്മാണം, ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ സ്കൂൾ കെട്ടിട നിർമ്മാണം എന്നീ 13 പദ്ധതികൾ നടപ്പിലാക്കുന്നതിന് 1345 ലക്ഷം രൂപ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് അനുവദിക്കുകയും ഇതിൽ 1127.45 ലക്ഷം ചെലവഴിയ്ക്കുകയും ഉണ്ടായി. 8 പദ്ധതികളുടെ നിർവ്വഹണം പൂർത്തീകരി ക്കുകയും മറ്റ് പദ്ധതികളുടെ നിർവ്വഹണം പുരോഗമിച്ചു വരുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി) | ഇതിനായി ഭരണതലത്തിൽ കൈക്കൊണ്ട നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന വ്യാപകമായ പ്രചാരണം നടത്തി അപേക്ഷകൾ സ്വീകരിയ്ക്കുകയും കുറ്റമറ്റ രീതിയിൽ അർഹരായവരെ കണ്ടെത്തുകയും ബന്ധപ്പെട്ട ജില്ലാ കളക്ടർ ചെയർമാനും ജനപ്രതിനിധികൾ അംഗങ്ങളുമായ ജില്ലാ ബെനിഫിഷറി സെലക്ഷൻ കമ്മിറ്റികൾ നറുക്കെടുപ്പിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ധനസഹായം അനുവദിച്ച് നൽകുകയും ചെയ്തിട്ടു ണ്ട് പദ്ധതിയുടെ സമയബന്ധിതമായ നടത്തിപ്പിന് സംസ്ഥാന സർക്കാർ തലത്തിലും ഫിഷറീസ് വകുപ്പ് തലത്തിലും അവലോകനം നടത്തിയിരുന്നു. പദ്ധതി നടത്തിപ്പിന് ആവശ്യമായ തുക പദ്ധതി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സമയ ബന്ധിതമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട് |

സെക്ഷൻ ആഫീസർ